(ബി) പ്രസ്തുത ചർച്ചയിലൂടെ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിരോധനം നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്. 15-4-2015-ൽ ബാഗ്ലൂരിൽവച്ച് ബഹു. കേരള മുഖ്യമന്ത്രി ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രിയുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി

(ബി&സി) കേരളത്തിന്റെ വടക്കൻജില്ലകളായ വയനാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിന് 212-ാം നമ്പർ ദേശീയപാതയെ (NH-212) ആണ് ആശ്രയിക്കുന്നത്. അതിനാൽ ഇതുവഴിയുള്ള ഗതാഗതം നിരോധിക്കുന്നത് ടി ജില്ലകളിലെ ജനങ്ങളെ സാരമായി ബാധിക്കുമെന്ന വസ്തുത കണക്കിലെടുത്ത് വനം വകുപ്പ് വാഹനങ്ങളുടെ അകമ്പടിയോടെ കോൺവോയി അടിസ്ഥാനത്തിൽ വാഹന ഗതാഗതം അനുവദിക്കുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെങ്കിൽ രാത്രി (9 pm to 6 am) ഗതാഗത നിയന്ത്രണത്തിൽ ഇളവ് വരുത്താവുന്നതാണെന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശവും അംഗീകരിക്കാൻ സാധ്യമല്ലെങ്കിൽ രാത്രി പത്തുമണി മുതൽ രാവിലെ അഞ്ചുമണി വരെ (10 pm to 5 am) ഗതാഗത നിയന്ത്രണത്തിൽ അയവ് വരുത്തുന്നത് ഉപകാരപ്രദമായിരിക്കും എന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശങ്ങളെക്കുറിച്ച് പഠിച്ച് തീരുമാനമെടുക്കുന്നതിന് രണ്ടു മാസത്തെ കാലയളവ് ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനം കർണ്ണാടക മുഖ്യമന്ത്രി അറിയിച്ചിട്ടില്ല. ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരിന്റെ അഭിപ്രായം ലഭ്യമായാൽ ഉടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ട്രോളിംഗ് നിരോധനം

23(*623) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന കാലാവധി ദീർഘിപ്പിക്കാൻ ഡോ. സെയ്ദറാവു കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു.) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ (കടലിലെ 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശം) നടപ്പിലാക്കിവരുന്ന സീസൺ ഫിഷിംഗ് നിരോധനം 47 ദിവസത്തിൽനിന്നും 61 ദിവസമായി വർദ്ധിപ്പിക്കാൻ ഡോ. സെയ്ദ റാവു കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ടി റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന പരമ്പരാഗത നോൺ-മോട്ടോറൈസ്ഡ് യാനങ്ങൾ ഒഴികെയുള്ള പഴ്സ് സീനേഴ്സും റിംഗ് സീനേഴ്സും ഉൾപ്പെടെയുള്ള എല്ലാ യാനങ്ങൾക്കും പ്രസ്തുത നിരോധനം ബാധകമാക്കുക.

2. എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ വിദേശയാനങ്ങൾ ഒളിച്ചു കടന്ന് മീൻപിടിക്കുന്നത് കർശനമായി നിയന്ത്രിക്കുക. അയൽ രാജ്യങ്ങളുമായി ചർച്ച നടത്തി നമ്മുടെ സീസണൽ മത്സ്യബന്ധന നിരോധനം സംബന്ധിച്ചും അതിരുകൾ സംബന്ധിച്ചും മറ്റ് റഗുലേഷനുകൾ സംബന്ധിച്ചും ബോദ്ധ്യപ്പെടുത്തി ആയത് നടപ്പിലാക്കി വിഭവങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

3. പിടിക്കാവുന്ന മത്സ്യങ്ങളുടെ ഏറ്റവും കുറഞ്ഞ വലിപ്പം, വലകളുടെ കണ്ണിവലിപ്പം സംബന്ധിച്ച റഗുലേഷനുകൾ ലൈസൻസിംഗ്, മെക്കനൈസ്ഡും മോട്ടോറൈസ്ഡും ആയ ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനും വിവിധ തരത്തിലുള്ള യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവ കർശനമായി നടപ്പിലാക്കുക.

4. ഇന്ത്യൻ ഫിഷറീസിന്റെ ഓരോ പ്രദേശത്തിനെയും അടിസ്ഥാനമാക്കിയുള്ള ആവശ്യകതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള പരിഷ്കരണം മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടുകളിൽ കൊണ്ടുവരിക. അത് കൊണ്ടുവരുന്നത് മത്സ്യത്തൊഴിലാളി സമൂഹവുമായും സ്റ്റോക്ക് ഹോൾഡേഴ്സുമായും കൂടിയാലോചിച്ചുകൊണ്ടായിരിക്കണം.

5. വിഭവപരിപാലനം കോ-മാനേജ്മെന്റ് സമീപനത്തിലൂടെ സമൂഹപങ്കാളിത്തം എന്നിവ പ്രോൽസാഹിപ്പിക്കുക. ഇത് സംസ്ഥാനത്തിന്റെ ഭരണപരമായ ബാധ്യത കുറയ്ക്കുകയും വിഭവപരിപാലനത്തിൽ സമൂഹത്തിനുണ്ടാകേണ്ട പങ്ക് വർദ്ധിപ്പിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

6. അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ചുകൊണ്ട് തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും വല നിയന്ത്രണങ്ങൾ നടപ്പിലാക്കുക. മേഖലാടിസ്ഥാനത്തിലോ പ്രാദേശികാടിസ്ഥാനത്തിലോ ഉണ്ടാകുന്ന പ്രശ്നങ്ങൾ (ഉദാ. കരിക്കാടി) നയപരമായ തീരുമാനങ്ങളിലൂടെ ശാസ്ത്രീയമായി അവലോകനം ചെയ്ത് അതിന്റെ നേട്ടങ്ങൾ കണക്കാക്കുക.

7. വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിൽ സുസ്ഥിരത ഉറപ്പാക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകളും മത്സ്യത്തൊഴിലാളികൾക്ക് കപ്പാസിറ്റി അവെയർനെസ്സ് ബിൽഡിംഗ് പ്രോഗ്രാമുകളും സർക്കാർ നടപ്പിലാക്കുക.

പോലീസിലെ ക്രിമിനലിസം

24(*624) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ വർദ്ധിച്ചുവരുന്ന ക്രിമിനലിസം തടയാൻ നടപടിയെടുക്കണമെന്ന് ഡിവിഷൻ ബെഞ്ചിന്റെ വിധിയുണ്ടായിട്ടുണ്ടോ ; വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കേരള പോലീസിൽ ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരുണ്ടോ ; വെളിപ്പെടുത്തുമോ ;

(സി) പോലീസിലെ ക്രിമിനലിസം നിരീക്ഷിച്ച് നടപടിയെടുക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്. പോലീസ് സേനയിൽ ഉൾപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ അവർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 20-3-2012-ലെ വിധിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾക്കെതിരെയുള്ള കോടതി വിധിയും ബന്ധപ്പെട്ട രേഖകളും എ.ഡി.ജി.പി. (ഇന്റലിജൻസ്) സൂക്ഷ്മമായി പരിശോധിച്ച് അഭിപ്രായം ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവർ പോലീസ് സേനയിൽ അംഗമാകാൻ/തുടരാൻ യോഗ്യരാണോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. കോടതി കുറ്റവിമുക്തരാക്കുന്ന ഉദ്യോഗസ്ഥരുടെ കേസുകളിൽപ്പോലും

LIBRARY ARCHIVES Kerala Legislative Assembly